

കഴുകന്മാർ

കോന്നിയൂർ
ആർ. നരേന്ദ്രനാഥ്

കൊച്ചുകുഞ്ഞുങ്ങളെ റാഞ്ചിക്കൊണ്ടുപോകുന്ന പക്ഷികളെപറ്റി ചില കഥകൾ നിങ്ങൾ കേട്ടിരിക്കും. നെടുംകാലൻ കൊക്കും, കഷണ്ടിത്തലയൻ കഴുകനും അതിൽ കഥാനായകന്മാരായിരുന്നിരിക്കാം. കഥകൾ വായിച്ചിട്ടുള്ളവക്ക് ഈ പക്ഷികളോട് കനത്ത വിരോധവും തോന്നാനിടയുണ്ട്. പക്ഷേ കഥകൾ പലതും വെറും കഥകൾ തന്നെയായിരിക്കും. കഴുകനെകണ്ടാൽ ആള് ഭയങ്കരനാണെന്നുതോന്നും. ഹീനകൃത്യം ചെയ്യുന്നവനാണെന്നും കരുതാം പക്ഷേ പാവമാണ്! ഭീരുവാണ്! അന്യരെ കടന്നാക്രമിക്കുന്ന ശീലക്കാര

ശവമോ, അമേദ്ധ്യമോ, അതുപോലെയുള്ള അറപ്പുണ്ടാക്കുന്ന വസ്തുക്കളോ ആണ് തേടുന്നതും തിന്നുന്നതും. ചീഞ്ഞുനാറിക്കിടക്കുന്ന ശവം തിന്നാൻ ഒരു വിഷമവുമില്ല. പ്രകൃതിതന്നെ അതിനുവേണ്ടുന്ന സജ്ജീകരണങ്ങളെ അതിനുകൊടുത്തിട്ടുള്ളു. നാറ്റമോ മണമോ തിരിച്ചറിയാൻ ഘ്രാണശക്തി നന്നേ കുറവാണ്! അകത്താക്കുന്നതെന്തും ദഹിപ്പിക്കാനുള്ള ഉഗ്രമായ ശക്തി,

നുമല്ല. മനുഷ്യക്കുഞ്ഞിനെയല്ല, ഒരു എലിക്കുഞ്ഞിനെപ്പോലും റാഞ്ചിക്കൊണ്ടുപോകാനുള്ള കഴിവില്ല. പലപ്പോഴും പഴികൾ ചാരാൻ പറ്റുന്നതു് പാവങ്ങളുടെ തലയിലാണല്ലോ. കഴുകന്റെ കഷണ്ടിത്തലപോലെ പറ്റിയ തല ഇതിന് വേറെ എവിടെ കിട്ടാൻ?

അധികം മഴയില്ലാത്ത പ്രദേശങ്ങളിൽ താല്പര്യമുള്ളവരാണ് കഴുകന്മാർ. ഇന്ത്യയിൽ എട്ടു ജാതി കഴുകന്മാരുണ്ട്. കാതിലക്കാരൻ, ചുട്ടിക്കഴുകൻ, തോട്ടിക്കഴുകൻ എന്നിങ്ങനെയുള്ള പേരോടുകൂടിയവരാണ് കൂടുതൽ അറിയപ്പെടുന്നവർ. കേരളത്തിൽ നന്നേ കുറവാണ് ഇക്കൂട്ടർ. കൃഷ്ണപ്പരുന്തിനേയും മറ്റും നിങ്ങൾ കണ്ടിരിക്കാൻ ഇടയുണ്ട്. പുറനാട്ടുകളിൽ സഞ്ചരിച്ചിട്ടുണ്ടെങ്കിൽ കഴുകന്മാരെ കാണാൻ സന്ദർഭമുണ്ടായിരിക്കാം.

 Oct, 81

ആമാശയത്തിനുമുണ്ട്! തൊലിയുരിച്ച ശേഷം എവിടെയെങ്കിലും കൊണ്ടു തള്ളുന്ന ചത്ത ചമ്പോ, കുറുക്കനോ പട്ടിയോ മാന്തിപ്പുറത്തിടുന്ന ശവത്തിന്റെ ശിഷ്ടമോ—ഏതും അമൃതുപോലെ അകത്താക്കാൻ കഴുകന് ആർത്തിയുണ്ട്.

ആകാശത്ത് അത്യുന്നതങ്ങളിൽ വട്ടമിട്ടുപറക്കുന്ന കഴുകന്റെ കണ്ണ്, താഴെ, നിലത്തായിരിക്കും. കണ്ണിന്റെ കഴിവിന്റെ കാര്യത്തിൽ മറെറാരു ജന്തുവും കഴുകന്റെ അടുത്ത് എത്തുകയില്ല. "ഗൃധ്രദൃഷ്ടി"—എന്നൊരു ശൈലി തന്നെ കാഴ്ചയെ വാഴ്ത്താനായി രൂപം കൊണ്ടിട്ടുമുണ്ടല്ലോ! ചിറകടിക്കാതെയാണ് സഞ്ചാരം. ഒഴിവാക്കാനാവാത്ത അവസരങ്ങളിൽ മാത്രമേ ചിറകടിച്ചുപറക്കുകയുള്ളൂ. തറയിൽ ഇറങ്ങിയാൽ ഇരിക്കാനാണ് ഇഷ്ടം. നടപ്പ് നന്നേ വിമ്മിഷ്ടമുള്ള കാര്യം തന്നെ.

പക്ഷിരാജനെന്നാണ് പലരും കഴുകനെ വിശേഷിപ്പിക്കാറുള്ളത്. അതിന്റെ ആഹാരരീതിതന്നെ ആ വിശേഷണത്തെ വിലയില്ലാത്തതാക്കും.

ചുട്ടിക്കഴുകൻ മൊട്ടത്തലയൻതന്നെ. ഒട്ടുംരോമമോ തൂവലോ ഇല്ലാത്ത വട്ടത്തല! കഴുത്തിലും തഥൈവ! ചെറിയ കണ്ണുകൾ. കൂർത്തുവളഞ്ഞ കൊക്ക്. വിഹാരരംഗം കുപ്പക്കൂട്ടുകളും ശവപ്പറമ്പും! കറുത്തനിറമൊത്ത കാതിലക്കാരന്റെയും തീററി ശവംതന്നെ. ജീവനുള്ള ജന്തുക്കളെ അവ ശ്രദ്ധിക്കാറില്ല! തോട്ടിക്കഴുകൻ അമേദ്ധ്യപ്രിയനാണ്. തുറന്ന കക്കൂസായിട്ടുപയോഗിക്കുന്ന വെളിമ്പ്രദേശങ്ങളിൽ ധാരാളമായി കാണാം. ചമ്പുതിന്നാനും മടിയില്ല.

കഴുകന്മാർ കാര്യമായ സേവനം അനുഷ്ഠിക്കുന്നുണ്ടെന്ന് വിശേഷിച്ചുപറയേണ്ടതില്ലല്ലോ. അവരുടെ ആഹാരരീതി അതു് വിശദമാക്കുന്നു. അന്യരാരും കാണാത്തതും അറിയാത്തതും അതിന് കണ്ടറിയാൻ കരുത്തുള്ളതുകൊണ്ട്, നമ്മുടെ ശ്രദ്ധയിൽപെടുന്നതിനു മുമ്പ്, കഴുകന്മാർ പരിസരം വൃത്തിയാക്കും. അതുകഴിഞ്ഞ് പനയിലോ, പാറക്കൂട്ടത്തിലോപോയി വിശ്രമിച്ചു കൊള്ളും. പരിസരശുചീകരണത്തിനുള്ള സ്വച്ഛന്ദപത്രത്തിന് അർഹർ, മററാരേയുമല്ല, കഴുകന്മാർതന്നെ.

—o—

വായടയ്ക്കാത്ത മത്സ്യം



ആഴക്കടലിൽമാത്രം കാണപ്പെടാറുള്ള ഒരപൂർവ്വ മത്സ്യമാണ് "വരിയൻ മത്സ്യം." വായടയ്ക്കാത്ത ഒരേയൊരു ജീവി ഇതായിരിക്കും. കാരണം. ഇതിന്റെ വായിലെ നീണ്ടുകൂർത്ത പല്ലുകൾകൊണ്ട് ഈ മത്സ്യത്തിന് വായ് അടച്ചുവയ്ക്കാൻ കഴിയുകയില്ലത്രെ.